(ബി) ഉണ്ടെങ്കിൽ അത്തരം മേഖലകളിൽ മിനിമം കൂലി പുനർ നിർണ്ണയം ചെയ്യാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പല മേഖലകളിലും മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതി

810. [1002] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതി എന്ന് നടപ്പിൽ വരും ;

(ബി) ഇത് ഏഴാം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(സി) പദ്ധതിയുടെ സർവ്വേ എന്തായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അന്വേഷണ പ്രവർത്തനങ്ങൾ 1983-ൽ ആരംഭിച്ചു. ഈ അന്വേഷണ പ്രവർത്തനങ്ങളുടെ ഫലം മാതൃകാ പഠനത്തിന് വിധേയമാക്കാനുള്ള നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം പൊഴി മുറിയുമ്പോഴുള്ള ഒഴുക്കിന്റെ വിവരങ്ങൾ, തിരമാലയുടെ വിവരങ്ങൾ, ബീച്ചിലെ മണൽ കയറ്റവും ഇറക്കവും സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ എന്നിവയെക്കുറിച്ച് സർവ്വേയും നടത്തേണ്ടതുണ്ട്. പ്രസ്തുത സർവ്വേയും മാതൃകാ പഠനവും പൂർത്തിയായശേഷം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിനു വേണ്ടിയുള്ള രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

ബാർ ലൈസൻസുകൾ

811. [1003] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട് ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര വിദേശമദ്യ ബാറുകൾ നിലവിലുണ്ട് ?

ഉത്തരം

(എ) 169 എണ്ണം.

(ബി) 293 എണ്ണം.

മദ്യഷാപ്പുകളുടെ ഉപഷാപ്പുകൾ

812. [1004] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു മദ്യഷാപ്പിന് എത്ര ഉപഷാപ്പുകളാണ് അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly